>> മുഖക്കുറിപ്പ്

# ഭൂമിയുടെ ഭാവി

**സ്രഷ്ടാവായ** അല്ലാഹു നാം മനുഷ്യരെ അവന്റെ പ്രതിനിധികളായി വാഴിച്ചത് വൈവിധ്യമാർന്ന വിഭവങ്ങളാൽ സമൃദ്ധമാക്കി സുന്ദരമായി സംവിധാനിച്ച ഭൂമിയിലാണ്. നമ്മുടെ സുഗമമായ നിലനിൽപിനും പുരോഗതിക്കും വേണ്ടതെല്ലാം ഇവിടെയുണ്ട്. ഭൂമിയിലുള്ളതൊക്കെയും നിങ്ങൾ മനുഷ്യർക്കുവേണ്ടി സൃഷ്ടിച്ചുവെച്ച അനുഗ്രഹങ്ങളാണെന്നും, അവ തേടിപ്പിടിച്ച് അനുഭവിച്ചുകൊള്ളണമെന്നും അവൻ അറിയിച്ചിട്ടുമുണ്ട്. എഴുതപ്പെട്ട ചരിത്രത്തിന്റെ സുദീർഘമായ പത്തു സഹസ്രാബ്ദങ്ങൾ സഞ്ചരിച്ച് നാം ഈ ബഹിരാകാശയുഗത്തിലെത്തിയത് ഭൗമ വിഭവങ്ങൾ കണ്ടെടുത്ത് ഉപയോഗിച്ചുകൊണ്ടുതന്നെയാണ്. നിരന്തരമായ അന്വേഷണത്തിന്റെയും നവംനവങ്ങളായ കണ്ടെത്തലുകളുടെയും ബഹളത്തിനിടയിൽ നാം ഒരു കാര്യം മറന്നുപോയി. അല്ലാഹുവിന്റെ വിഭവങ്ങളനുഭവിക്കാൻ അനുവദിച്ചതോടൊപ്പം തന്നെ ധൂർത്ത് പാടില്ലെന്ന് ആവർത്തിച്ചു വിലക്കുകയും ചെയ്തിരുന്നു. ഈ വിലക്ക് മറന്നുപോയതു മൂലം ഗുരുതരമായ പല അബദ്ധങ്ങളിലും നാം ചെന്നുചാടി. ഭൂമിയോട് നീതിപാലിക്കാൻ നമുക്ക് കഴിഞ്ഞില്ല. ഭൂമിയും നമ്മളും തമ്മിലുള്ള ബന്ധത്തെ തെറ്റിദ്ധരിച്ചു. ഭൂമിയോട് നമുക്കുള്ള ബാധ്യതകളും മറന്നു. ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധികൾ എന്ന നിലവിട്ട് നാം അതിന്റെ ഉടമകളും പരമാധികാരികളും എന്ന നില സ്വയം സ്വീകരിച്ചു. ഭൂമിയുടെ സംസ്കർത്താക്കൾ (മുസ്ലിഹൂൻ) ആയി നിയുക്തരായ നാം അതിന്റെ ചൂഷകരും നാശകർത്താക്കളും (മുഫ്സിദുൻ) ആയി മാറി.

നമ്മെ പ്രതിനിധികളാക്കിയ ദൈവം വ്യക്തമായി കൽപിച്ചിട്ടുണ്ടായിരുന്നു: "നിങ്ങൾ, മനുഷ്യർ ഭൂമിയിൽ നാശകാരികളായി വാണുകൂടാ." ഭൂമിയിൽ നാശകാരികളായി വാഴുക എന്നാൽ, ദൈവത്തെയും സൃഷ്ടികൾക്ക് അവൻ നിശ്ചയിച്ച നിയമങ്ങളെയും ധിക്കരിച്ചു വാഴുകയാണ്. മനുഷ്യർ മാത്രമല്ല, പ്രപഞ്ചത്തിലെ സകല ചരാചരങ്ങളും ദൈവത്തിന്റെ സൃഷ്ടികളാണ്. ഓരോന്നിനും അതിന്റേതായ നിയമങ്ങളും ചട്ടങ്ങളും നിശ്ചയിച്ചിട്ടുണ്ട്. "സകല വസ്തുക്കൾക്കും അതിന്റെ ഘടന നൽകുകയും എന്നിട്ട് ശരിയായ പ്രവർത്തനമാർഗം കാണിച്ചുകൊടുക്കുകയും ചെയ്തവനത്രെ നമ്മുടെ നാഥൻ" (20:50). അതാണ് പ്രകൃതി. മനുഷ്യൻ സത്യത്തിന്റെയും ധർമത്തിന്റെയും അനിവാര്യ താൽപര്യങ്ങളായ ദൈവികനിയമങ്ങൾ ലംഘിച്ച് പരസ്പരം അക്രമവും അനീതിയുമനുവർത്തിക്കുന്നത് എന്തുമാത്രം നാശകരമാണോ അതേ പ്രകാരം തന്നെ നാശകരമാണ് അല്ലാഹു നിശ്ചയിച്ച പ്രകൃതിയെ അക്രമിക്കുന്നതും. രണ്ടിന്റെയും വിനാശം അതിനുത്തരവാദിയായ മനുഷ്യൻ തന്നെ അനുഭവിക്കേണ്ടിവരും.

ഖുർആൻ പറഞ്ഞു: "മനുഷ്യകരങ്ങളുടെ ചെയ്തികളാൽ കരയിലും കടലിലും വിനാശം പ്രകടമായിരിക്കുന്നു" (30:41). ഭൂമിയുടെ നിലനിൽപിനെതിരെ ഉയർന്ന മഹാഭീഷണിയുടെ രൂപത്തിൽ ഈ മുന്നറിയിപ്പ് യാഥാർഥ്യമായിത്തീരുന്നതാണിന്നു നാം കാണുന്നത്. ഈ സൂക്തം അവതരിക്കുമ്പോൾ കരയിലും കടലിലും മാത്രമേ വിനാശം പ്രത്യക്ഷപ്പെട്ടിരുന്നുള്ളൂ. ഇന്നിതാ അന്തരീക്ഷത്തിലുളവായ വിനാശവും നാം അനുഭവിച്ചുതുടങ്ങിയിരിളക്കുന്നു. വ്യവസായശാലകൾ പുറത്തുവിടുന്ന രാസവാതകങ്ങൾ ഭൂമിയുടെ കവചമായ ഓസോൺ കുടയിൽ വിള്ളലുകൾ വീഴ്ത്തുന്നു. ആ വിടവുകളിലൂടെ മാരകമായ രോഗഹേതുരശ്മികൾ ഭൂമിയിൽ പതിക്കുന്നു. ഭൗമാന്തരീക്ഷത്തിൽ താപം വർധിച്ചുവരുന്നു. ധ്രുവപ്രദേശങ്ങളിലെ മഞ്ഞുമലകൾ ഉരുകുന്നു. സമുദ്രവിതാനം ഉയരുന്നു. സമുദ്രം തീരദേശങ്ങളെ അടർത്തിയെടുത്ത് തന്നിൽ ലയിപ്പിക്കുന്നു. ഒരു വശത്ത് പ്രളയഭീഷണിയുള്ളപ്പോൾ തന്നെ മറുവശത്ത് കുടിനീർ ക്ഷാമവും നമ്മെ ഭീഷണിപ്പെടുത്തുന്നു. ലോകത്ത് ആളോഹരി ശുദ്ധജല ലഭ്യത കുറഞ്ഞുകൊണ്ടേ വരികയാണ്. കുടിനീരിനെ ചൊല്ലി ലോകരാഷ്ട്രങ്ങൾക്കിടയിൽ രൂക്ഷമായ യുദ്ധങ്ങൾ നടക്കാനിടയുള്ളതായി വിദഗ്ധർ നിരീക്ഷിക്കുന്നു.

പ്രകൃതിവിഭവങ്ങളുടെ ചൂഷണവും പരിസ്ഥിതി ദൂഷണവും ഇന്നത്തെ നിലയിൽ തുടർന്നാൽ മാനവകുലത്തിന് ഏതാനും പതിറ്റാണ്ടുകൾ കൂടിയേ ആയുസ്സ് ബാക്കിയുള്ളൂ എന്ന് ശാസ്ത്രജ്ഞർ മുന്നറിയിപ്പ് നൽകിക്കഴിഞ്ഞു. രണ്ടായിരമാണ്ടിൽ മാത്രം ഉഷ്ണപാതത്താൽ ഒന്നര ലക്ഷം പേർ മരിച്ചതായി ഡബ്ല്യു.എച്ച്.ഒ കണക്കാക്കുന്നു. 2050 ആകുമ്പോഴേക്കും ഭൂമിയിൽ താപം ഇന്നത്തേക്കാൾ 3 മുതൽ 5 വരെ ഡിഗ്രി കൂടും. ധ്രുവപ്രദേശത്തെ മഞ്ഞുരുക്കത്താൽ സമുദ്ര വിതാനം 14 അടി ഉയരും. പല ദ്വീപുകളും വെള്ളത്തിനടിയിലാകും. കൃഷിഭൂമികളിലേക്കുള്ള സമുദ്ര ജലത്തിന്റെ കടന്നുകയറ്റവും കാലാവസ്ഥാ വ്യതിയാനവും ചേർന്ന് ഭക്ഷ്യോൽപാദനത്തിൽ ഗണ്യമായ ഇടിവ് സൃഷ്ടിക്കും. ജലമലിനീകരണം മൂലം വർഷാന്തം രണ്ടര കോടി മനുഷ്യർ മരിച്ചൊടുങ്ങും... ഇങ്ങനെ പോകുന്നു മുന്നറിയിപ്പുകൾ.

പ്രകൃതിവിഭവങ്ങളുടെ വർധിച്ചുവരുന്ന ധൂർത്താണ് ഭൂമിയെ ഈവിധം നശിപ്പിച്ചുകൊണ്ടിരിക്കുന്നത്. നമ്മെ നയിക്കുന്നത് നാസ്തികമായ ജീവിതവീക്ഷണവും അറ്റമില്ലാത്ത ആർത്തിയും അടങ്ങാത്ത ഉപഭോഗാസക്തിയുമാണ്. ലാഭേഛയിൽ മതിമറന്ന മുതലാളിത്തം ബഹുവിധമായ ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ചുകൂട്ടുന്നു. ആവശ്യത്തിന് ഉൽപന്നം എന്ന തത്ത്വം പഴഞ്ചനായി തള്ളപ്പെട്ടിരിക്കുന്നു. ഉൽപന്നത്തിനു ആവശ്യം സൃഷ്ടിക്കുക എന്നതാണിന്നത്തെ തത്ത്വം. ഉപഭോഗാസക്തിയും ഉൽപാദനാസക്തിയും തമ്മിലുള്ള മത്സരത്തിന്റെ ഫലം ഒരുവശത്ത് ഉൽപന്നങ്ങളുടെയും ഉപഭോഗത്തിന്റെയും ധൂർത്തും തജ്ജന്യമായ രോഗങ്ങളും കലഹങ്ങളുമാണെങ്കിൽ, മറുവശത്ത് പ്രകൃതിവിഭവങ്ങളുടെ അമിതചൂഷണവും പാരിസ്ഥിതിക ദൂഷണവുമാണ്. ഈ മരണവക്രത്തിൽനിന്ന് ഭൂമിയെ രക്ഷിക്കാൻ വിവേകമുള്ളവർ ഉണർന്നു പ്രവർത്തിക്കേണ്ട സന്ദർഭമാണിത്. വർധിച്ചുവരുന്ന ആവശ്യങ്ങൾക്കും പ്രകൃതി വിഭവങ്ങളുടെ ചൂഷണത്തിനുമിടയിൽ ഒരു സന്തുലനം, ഭൂമിക്ക് താങ്ങാവുന്നതും പാരിസ്ഥിതിക സൗഹൃദത്തോടു കൂടിയതുമായ ഒരു മാനവിക വികസനരീതി ആവിഷ്കൃതമാകേണ്ടത് അനിവാര്യമായിരിക്കുന്നു. ശാസ്ത്രജ്ഞരും ചിന്തകരും ഭരണാധികാരികളുമെല്ലാം ഒറ്റക്കെട്ടായി ഏറ്റെടുക്കേണ്ട അടിയന്തര ദൗത്യമാണിത്.

നാം, മനുഷ്യർ ഭൂമിയുടെ പരമാധികാരികളും ചൂഷകരുമാകാതെ അതിന്റെ സംസ്കർത്താക്കളും ദൈവത്തിന്റെ പ്രതിനിധികളുമായി മാറണം. സംഹരിക്കുകയല്ല, സാക്ഷാൽ ഉടമയുടെ താൽപര്യം സംരക്ഷിക്കുകയാണ് പ്രതിനിധിയുടെ ഉത്തരവാദിത്വം. നാം ഏറ്റെടുത്ത ഭൂമിയെ അതിന്റെ ഘടനയും പ്രകൃതിയും തകർക്കാതെ പൻതലമുറകൾക്ക് വേണ്ടി സൂക്ഷിക്കാൻ നമുക്ക് കഴിയണം. ■